**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5607** **24-03-2025 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ആയതിന് ഓരോ ആരോഗ്യ കേന്ദ്രങ്ങളിലും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മറുപടി അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | മറുപടി അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് അധികമായി ആവശ്യമുള്ള ഫണ്ട് എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പള്ളിക്കൽ സി.എച്ച് .സി യിലെ 20 കിടക്ക കൾ ഉള്ള വാർഡിന്റെ നിർമ്മാണ ത്തിനായി നാലാം ഘട്ടമായി 231.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ആരോഗ്യ സേവന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ആരോഗ്യ കേന്ദ്രം | സ്വീകരിച്ചിട്ടുള്ള നടപടികൾ |
|---|---|
| താലൂക്ക് ആശുപത്രി വർക്കല | 2016-2021 കാലഘട്ടത്തിൽ 7.10 കോടി രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പൊതുമരാമത്ത് (സ്പെഷ്യൽ ബിൽഡിംഗ്) വഴി നിർമ്മിക്കുകയും 3 കോടി രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതിയ ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സർക്കാരിന്റെ കാലത്ത് 30 ലക്ഷം രൂപയുടെ എം.എൽ.എ ഫണ്ട് മോർച്ചറി നവീകരണത്തിനായി അനുവദിച്ചു. |
| സി.എച്ച്.സി പള്ളിക്കൽ | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പള്ളിക്കലിൽ നബാർഡ് ട്രോൻജെജ XXV ൽ ഉൾപ്പെടുത്തി 6 കോടി രൂപ വകയിരുത്തിയിരുന്നു. 30/07/2018 മുതൽ 20 കിടക്കകളോട്ട കൂടിയ ഐ.പി കെട്ടിടം പണി ആരംഭിച്ച് ഇപ്പോഴും പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇതിനായി ആകെ 9.92 കോടി അനുവദിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു. (എം.എൽ.എ ഫണ്ട് - 1 കോടി രൂപ, നബാർഡ് ഫണ്ട് - 6 കോടി രൂപ, എൻ.എച്ച്.എം ഫണ്ട് - 2.92 കോടി രൂപ) |
| പി.എച്ച്.സി നാവായിക്കുളം | നാവായിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ബഹു.വർക്കല എം.എൽ.എ ആയ ശ്രീ.വി.ജോയി-യുടെ ആസ്തി വികസന പദ്ധതി 2022-2023-ൽ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനിയർ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) നിർവ്വഹണ ഉദ്യോഗസ്ഥനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കുടുംബാരോഗ്യ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാവായിക്കുളം പഞ്ചായത്ത് സ്ഥലം കണ്ടെത്തി നൽകുകയും നിർമ്മാണ പ്രവൃത്തികൾക്കായി മരം മുറിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. കെട്ടിടത്തിന്റെ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | |
|---|---|
| എഫ്.എച്ച്.സി ഇടവ | 2018- 2021 കാലയളവിൽ സി.സി.ടി.വി സ്ഥാപിക്കുകയും പബ്ലിക് അഡ്രസിംഗ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഇടവ ഗ്രാമപഞ്ചായത്ത് പ്രോജക്ട് പ്രകാരം നിലവിലെ സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ 16 ലക്ഷം രൂപയുടെ അറ്റകുറ്റ പണികളും, പെയിന്റിംഗും, ശൗചാലയത്തിന്റെ അറ്റകുറ്റ പണികളും നടത്തി വരുന്നു. |
| എഫ്.എച്ച്.സി വെട്ടൂർ | പുതിയ ഒ.പി കെട്ടിട നിർമ്മാണത്തിനായി ഫസ്റ്റ് ഫേസ് ആയി അനുവദിച്ച തുക 225 ലക്ഷം രൂപ ഉപയോഗിച്ചുള്ള പണി പൂർത്തീകരിച്ചു. സെക്കന്റ് ഫേസ് ഒ.പി കെട്ടിട നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാൻ മുഖേന 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പണി തുടങ്ങിയിട്ടില്ല. |
| എഫ്.എച്ച്.സി തോണിപ്പാറ | പുതിയ ഒ.പി ബ്ലോക്ക് നിർമ്മാണത്തിനായി ബഹു. വർക്കല എം.എൽ.എ ശ്രീ വി ജോയി-യുടെ അസ്തി വികസന ഫണ്ട് 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| എഫ്.എച്ച്.സി മടവൂർ | 1 കോടി 43 ലക്ഷം രൂപ അനുവദിച്ച് (എൻ.എച്ച്.എം ഫണ്ട്) നിർമ്മിക്കുന്ന പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 09/09/2024 തീയതിയിൽ ആരംഭിച്ചു. നിലവിൽ Roof Slab Shuttering വർക്ക് ആണ് നടക്കുന്നത്. ഹെൽത്ത് ഗ്രാന്റ് വഴി അനുവദിച്ച സബ് സെന്റർ (മെയിൻ സെന്റർ) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുലിയൂർക്കോണം സബ് സെന്റർ നിർമ്മാണത്തിനായി സൈറ്റ് hand over ചെയ്തിട്ടുണ്ട്. |
| എഫ്.എച്ച്.സി ചെമ്മരുതി | ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള ഫണ്ട് പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് നടപ്പിലാക്കി. രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയ നിർമ്മിക്കുകയും, ആംബലൻസ് പാർക്കിംഗ് ഏരിയ, ഫാർമസി വെയിറ്റിംഗ് ഏരിയ (വകയിരുത്തിയ തുക 10 ലക്ഷം രൂപ) വിശാലമായ കോൺഫറൻസ് ഹാൾ, ഫർണീച്ചർ, ഉച്ചഭാഷിണി എന്നിവ പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. (വകയിരുത്തിയ തുക 25 ലക്ഷം) സ്ത്രീകൾക്കായി വ്യായാമ കേന്ദ്രം നിർമ്മിച്ചു. വ്യായാമത്തിനുള്ള ഉപകരണം വാങ്ങി (വകയിരുത്തിയ തുക 5 ലക്ഷം രൂപ) |

**മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തി | അടങ്കൽ തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | എഫ്എച്ച്സി മടവൂർ | പുതിയ കെട്ടിട നിർമ്മാണം | 1,43,00,000 | 40% പ്രവൃത്തി പൂർത്തിയായി. |
| 2 | എഫ്എച്ച്സി ചെമ്മരുതി | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 14,73,134 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 3 | എഫ്എച്ച്സി മടവൂർ | | 25,70,092 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 4 | എഫ് എച്ച്സി ഇടവ | | 14,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 5 | എഫ് എച്ച്സി വെട്ടൂർ | | 14,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 6 | എഫ് എച്ച്സി തോണിപ്പാറ | | 14,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 7 | പി എച്ച് സി നാവായിക്കുളം | | 15,50,000 | എം എൽ എ ഫണ്ട് ഉപയോഗിച്ചുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിനാൽ NHM മുഖേനെയുള്ള പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| 8 | ചെമ്മരുതി മെയിൻ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 9 | ആനകുന്നം | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 10 | കെടാകുളം | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 11 | ചിറ്റായിക്കോട് | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 12 | ഇടവ മെയിൻ | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 13 | തോക്കാട് | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 14 | മുട്ടപ്പലം | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 15 | കാപ്പിൽ | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 16 | റാത്തിക്കൽ | | 7,00,000 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 17 | കുടവൂർ | | 7,00,000 | 25% പ്രവൃത്തി പൂർത്തിയായി. |
| 18 | പുത്തൻചന്ത | | 7,00,000 | 40% പ്രവൃത്തി പൂർത്തിയായി. |
| 19 | ഇലകമൺ | | 7,00,000 | നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 20 | പാളയംകുന്ന് | | 7,00,000 | 25% പ്രവൃത്തി പൂർത്തിയായി. |
| 21 | മടവൂർ | | 7,00,000 | 80% പ്രവൃത്തി പൂർത്തിയായി. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

| **ആരോഗ്യ കേന്ദ്രം** | **പുതിയതായി നടപ്പിലാക്കാനുള്ള പദ്ധതികൾ** |
|---|---|
| താലൂക്ക് ആശുപത്രി വർക്കല | KIIFB - New Building Project<br><br>(40.41 കോടി രൂപ) |
| എഫ്.എച്ച്.സി വെട്ടൂർ | Second Phase OP കെട്ടിട നിർമ്മാണം.<br><br>(2 കോടി രൂപ) |
| എഫ്.എച്ച്.സി ചെമ്മരുതി | നിലവിൽ ലാബ് പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റി ആധുനിക സൗകര്യങ്ങളോടു കൂടിയ 3 നില കെട്ടിട നിർമ്മാണം (വകയിരുത്തിയ തുക 5 കോടി രൂപ). |

**സെക്ഷൻ ഓഫീസർ**